# കുരുമുളകിലെ സംയോജിത
# കീടനിയന്ത്രണം



## 'സുഗന്ധി' കുരുമുളക്
## ഗവേഷണ വികസനപദ്ധതി

**കേരള കാർഷിക സർവ്വകലാശാല,**
**ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രം**

# കുരുമുളകിലെ സംയോജിത കീടനിയന്ത്രണം

കുരുമുളക് നിരവധി കീടങ്ങളുടെ ആക്രമണത്തിന് ഇരയാകാറുണ്ട്. അതുണ്ടാക്കുന്ന നഷ്ടം ചിലപ്പോൾ വളരെ ഉയർന്നതായിരിക്കും. ഇവയുടെ നിയന്ത്രണത്തിനായി ഒരു സംയോജിത രീതിയാണ് അവലംബിക്കേണ്ടത്. കൃഷിരീതികൾ കൊണ്ടുള്ള നിയന്ത്രണം, ഭൗതീക-യാന്ത്രിക രീതികൾ, ജൈവനിയന്ത്രണം, അവസാനവഴിയായി രാസകീടനാശിനി പ്രയോഗം ഇവയൊക്കെയാണ് സംയോജിത കീടനിയന്ത്രണത്തിൽപ്പെടുന്നത്. മറ്റു നിയന്ത്രണരീതികൾ കൊണ്ടൊന്നും തന്നെ കീടങ്ങളുടെ എണ്ണം സാമ്പത്തിക നഷ്ടമുണ്ടാക്കാത്ത തലത്തിലേക്ക് കുറയാൻ സഹായിക്കുന്നില്ലെന്ന് കണ്ടാൽ ശരിയായ രാസകീടനാശിനി പ്രയോഗം അനിവാര്യമായിത്തീരുന്നു. കുരുമുളകിലെ പ്രധാനകീടങ്ങളും അവയുടെ നിയന്ത്രണമാർഗ്ഗങ്ങളും ഇനി വിവരിക്കുന്നു.

**ശൽക്കകീടങ്ങൾ**

രണ്ടു തരത്തിലുള്ള ശൽക്കകീടങ്ങളുടെ ആക്രമണം കുരുമുളകിൽ കാണാറുണ്ട്. ഇലകളുടെ അടിവശത്തായി വൃത്താകൃതിയിൽ ഇളം പച്ച നിറത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന കോക്കനട്ട് സ്കെയിൽ *(അസ്പിഡിയോട്ടസ്*



*ഡിസ്ട്രക്റ്റർ)* ആണ് ഒരിനം. ഇത്തരം ഇലകളുടെ മുകൾവശം മഞ്ഞനിറമായി മാറിയിരിക്കും. ഇലകളുടെ അടിവശത്തായി ഇല ഞരമ്പുകളിലും, ഇല ഞെട്ടുകളിലും ചെറിയ തണ്ടുകളിലും തിരികളിലും മണികളിലുമൊ

ക്കെയായി തവിട്ടുനിറത്തിൽ നൂലുപോലെ പറ്റിപിടിച്ചിരിക്കുന്ന മസ്സൽ സ്കെയിൽ (*ലെപ്പിഡോസാഫെസ് പൈപ്പെറിസ്*) ആണ് മറ്റൊരിനം. ശൽക്കകീടങ്ങളുടെ ആക്രമണം രൂക്ഷമാകുമ്പോൾ ആ ഭാഗത്തെ ഇലകളും തണ്ടുകളും ഉണങ്ങി നശിച്ചുപോകുന്നു. വലിയ കൊടികളിൽ സാധാരണ അങ്ങിങ്ങായാണ് ശൽക്കകീടങ്ങളുടെ ആക്രമണം കാണുക. ആക്രമണം ബാധിച്ച ഇലകളും തണ്ടുകളും വെട്ടിമാറ്റി നശിപ്പിച്ചശേഷം 3 മി.ലി. വേപ്പെണ്ണ ഒരു ലിറ്റർ സോപ്പുവെള്ളത്തിൽ കലർത്തി തളിക്കുക, അല്ലെങ്കിൽ 1500 ppm. വീര്യമുള്ള വേപ്പധിഷ്ഠിത കീടനാശിനി 3 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ തളിച്ചുകൊടുക്കാം. 30 മി.ലി. മീനെണ്ണ ഒരു ലിറ്റർ സോപ്പു വെള്ളത്തിൽ ചേർത്തു തളിച്ചുകൊടുക്കാം. ആക്രമണം രൂക്ഷമാണെങ്കിൽ ഒന്നര മില്ലീ ലിറ്റർ ഡൈമെത്തോയേറ്റ് (റോഗർ) എന്ന കീടനാശിനിയും ഒരു മില്ലി ലിറ്റർ പശയും (സാന്റോവിറ്റ്) ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത ലായനി തളിച്ച് ശൽക്കകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കാം. ചെറിയ തോതിലാണ് ആക്രമണമെങ്കിൽ, ഒരു ലിറ്റർ കഞ്ഞിവെള്ളത്തിൽ ഒന്നര മില്ലി ലിറ്റർ മേൽപ്പറഞ്ഞ കീടനാശിനി ചേർത്ത ലായനി പച്ചച്ചകിരി ചതച്ച് ഉണ്ടാക്കിയ ബ്രഷ് ഉപയോഗിച്ച് കീടബാധയേറ്റ ഭാഗങ്ങളിൽ തേച്ച് പിടിപ്പിക്കാം.

**മീലിമൂട്ട**

കുരുമുളക് കൊടിയുടെ വേരുകളിലാണ് വെളുത്ത നിറത്തിലുള്ള *പ്ലാനോകോക്കസ്* എന്ന മീലിമൂട്ടയുടെ ആക്രമണം കാണുക. ഇളം പ്രായത്തിലുള്ള കൊടികളിലാണ് മൂട്ടയുടെ ആക്രമണം കൂടുതലായി ഉണ്ടാകുക. കുരുമുളക് നഴ്സറികളിലും മീലിമൂട്ടയുടെ ആക്രമണം ഉണ്ടാകാറുണ്ട്. വേരുകളിൽ നിന്നും നീരൂറ്റി കുടിക്കുന്നതുമൂലം കൊടികളുടെ വളർച്ച മുരടിച്ച് ഇലകൾ മഞ്ഞനിറമായി മാറുന്നു. ആക്രമണം രൂക്ഷമാകുമ്പോൾ കൊടികൾ വാടി നശിച്ചുപോകുന്നു. കൊടികളുടെ ചുവട്ടിൽ നിന്നും മണ്ണ് ചെറുതായി മാറ്റിയാൽ കടഭാഗത്തും വേരുകളിലും വെളുത്ത മീലിമൂട്ട പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. *വേപ്പധിഷ്ഠിത കീടനാശിനി 1500 ppm. വീര്യമുള്ളത് 5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോ തിൽ കലക്കി കടഭാഗത്തായി 5-10 ലിറ്റർ

വള്ളി ഒന്നിന് ഒഴി ച്ചുകൊടുക്കുന്നത് മൂട്ടയെ നശിപ്പിക്കുവാൻ സഹായിക്കും. കൊടിയുടെ വലിപ്പം അനുസരിച്ച് 2-3 കി. ഗ്രാം വേപ്പിൻ പിണ്ണാക്ക് കടയ്ക്കൽ ഇട്ട് വെള്ളമൊഴിച്ചതിനുശേഷം മുകളിൽ പുതയിട്ടുകൊടുക്കുകയും വേണം.



**പൊള്ളുവണ്ട്**

പൊള്ളുവണ്ടിന്റെ പുഴുക്കൾ കുരുമുളകുമണികൾ തിന്ന് പൊള്ളയാക്കുന്നു. ആക്രമണത്തിനു വിധേയമായ മണികളിൽ ചെറിയ ദ്വാരമുണ്ടായിരിക്കും. ഉള്ളിലുള്ള കോശങ്ങൾ തിന്ന് നശിപ്പിക്കുന്നത് മൂലം മണികൾ പൊള്ളയായിത്തീർന്ന് ഉണങ്ങി നശിക്കുന്നു. മൂത്ത മണികൾ തുളക്കാൻ പ്രയാസം അനുഭവപ്പെടുമ്പോൾ പുഴുക്കൾ മണിയുടെ പുറംതൊലി തിന്ന് ജീവിക്കും. കുരുമുളകു കൊടികളുടെ ഇലകളിൽ ചെറിയ വൃത്താകൃതിയിലുള്ള ദ്വാരങ്ങളും പൊള്ളുവണ്ടിന്റെ ആക്രമണം മൂലം ഉണ്ടാകുന്നു. ഇവ തിരികളും തിന്നു നശിപ്പിക്കാറുണ്ട്. ഇതിനെതിരെ ക്വിനാൽഫോസ് (രണ്ട് മില്ലീലിറ്റർ), ഡൈമെതോയേറ്റ് (ഒന്നര മില്ലീലിറ്റർ) ഇവയിലേതെങ്കിലുമൊന്ന് 1 ലിറ്റർ വെള്ളത്തിൽ എന്ന തോ തിൽ ജൂൺ മാസത്തിൽ തിരിയിടുന്ന അവസരത്തിലും സെപ്തംബർ- ഒക്ടോബർ മാസത്തിൽ തിരികളിൽ മണികൾ പിടിക്കുന്ന അവസരത്തിലും,





ആവശ്യമെന്നുകണ്ടാൽ മണികൾ മൂപ്പെത്തുന്ന അവസരത്തിലും തളിക്കുക. കൂടാതെ കാലവർഷാരംഭത്തോടെ തോട്ടത്തിലെ തണൽ ക്രമീകരിക്കണം. വേപ്പ് അടിസ്ഥാനത്തിലുള്ള കീടനാശിനി (0.03 ശതമാനം വീര്യമുള്ളത്) 5 മില്ലീലിറ്റർ 1 ലിറ്റർ വെള്ളത്തിൽ കലർത്തി തിരിയിടുമ്പോഴും, തിരികളിൽ മണി പിടിയ്ക്കുമ്പോഴും തളിക്കുന്നതും ഫലപ്രദമാണ്.

## തണ്ടു തുരപ്പൻ

പുഴുക്കൾ ഇളംതണ്ടുകൾ തുരക്കുന്നതിന്റെ ഫലമായി അവ കരിഞ്ഞുപോകുന്നു. ഇതു മൂലം കൊടിയുടെ വളർച്ച മുരടിക്കുന്നു. ആക്രമണം രൂക്ഷമായി കാണുകയാണെങ്കിൽ ക്വിനാൽഫോസ് എന്ന കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ രണ്ട് മില്ലീലിറ്റർ അല്ലെങ്കിൽ ഡൈമെതോയേറ്റ് ഒന്നര മില്ലീലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചെടികളിൽ തളിക്കാവുന്നതാണ്.





## ഇലപ്പേൻ (ത്രിപ്സ്)

ഇളം പ്രായത്തിലുള്ള വള്ളികളിൽ ഇലപ്പേനുകളുടെ ആക്രമണം മൂലം ഇലകളുടെ അരികുകൾ ഉള്ളിലേക്കായി മടങ്ങിയിരിക്കുന്നതുകാണാം. ഇവയുടെ രൂക്ഷമായ ആക്രമണം വള്ളി

കളുടെ വളർച്ച മുരടിപ്പിക്കുവാൻ ഇടവരുത്തും. ഡൈമെതോയേറ്റ് (റോഗർ) എന്ന കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ ഒന്നര മില്ലീലിറ്റർ എന്ന തോതിൽ കലക്കി ഇലകളിൽ തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം.

### നിമാ വിരകൾ



നിമാ വിരകൾ വേരിനെആക്രമിക്കുന്നതിന്റെ ഫലമായി കുരുമുളകിന്റെ ഇലകൾ മഞ്ഞളിച്ച് വളർച്ച മുരടിക്കുന്നു. ഈ മഞ്ഞളിപ്പ് കുറേക്കാലം നിലനില്ക്കും. ദ്രുതവാട്ട രോഗത്തിൽ എന്നപോലെ ഇലപൊഴിച്ചിലോ വാട്ടമോ ഉണ്ടാവുകയില്ല. കുരുമുളക് കൊടിയുടെ വേരുകളിൽ മുഴകൾ ഉണ്ടാവുകയോ കറുത്ത നിറമായി മാറി അഴുകിപ്പോവുകയോ ചെയ്യും. കൊടികളുടെ ചുവട്ടിൽ 1-2 കിലോ വേപ്പിൻ കുരു പൊടിച്ചതു ചേർക്കുന്നത് നിമാ വിരകളുടെ ആക്രമണം നിയന്ത്രിക്കാൻ സഹായിക്കും. രോഗവിമുക്തമായ വേര് പിടിപ്പിച്ച തൈകൾ നടാനായി തെരഞ്ഞെടുക്കുക. കമ്മ്യൂണിസ്റ്റ് പച്ച, ജമന്തി (ചെണ്ടു മല്ലി) എന്നിവ ജൈവവളമായി ചുവട്ടിൽ ഇടുക.





പ്രസിദ്ധീകരിക്കുന്നത്:

**ഡയറക്ടർ, ഭാരതീയ സുഗന്ധവിള ഗവേഷണകേന്ദ്രം, കോഴിക്കോട്**